# കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തിരുവനന്തപുരം ഡിവിഷൻ

## ലേല വ്യവസ്ഥകൾ / നിബന്ധനകൾ

1. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ കീഴിലുള്ള ഓഫീസ് സ്ഥലങ്ങൾ /കടമുറികൾ എന്നിവ ലേല വ്യവസ്ഥയിലായിരിക്കും വാടകയ്ക്ക് നൽകുന്നത്.

2. ലേലത്തിൽ പങ്കെടുക്കുന്നവർ രജിസ്ട്രേഷൻ ഫീസായി 100/- +GST രൂപയും നിരതദ്രവ്യമായി 10000/- രൂപയും തിരുവനന്തപുരം ഡിവിഷൻ ഓഫീസിൽ നേരിട്ടോ ഭവന നിർമ്മാണ ബോർഡിന്റെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായോ ഒടുക്കാവുന്നതാണ്.(ചെക്ക് സ്വീകരിക്കുന്നതല്ല). അതേ ദിവസം നടക്കുന്ന മറ്റു ലേലങ്ങളിൽ പങ്കെടുക്കണമെങ്കിൽ അതാത് യൂണിറ്റുകൾക്ക് നിഷ്കർഷിച്ചിട്ടുള്ള നിരതദ്രവ്യവും രജിസ്ട്രേഷൻ ഫീസും പ്രത്യേയകമായി ബോർഡിൽ ഒടുക്കേണ്ടതാണ്. ലേല നടപടികൾ ആരംഭിക്കുന്നതിനു മുമ്പ് വരെ ലേലത്തിൽ പങ്കെടുക്കുന്നവരിൽ നിന്നും മേൽ തുകകൾ സ്വീകരിക്കുന്നതാണ്.

3. ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തിയുടെ രണ്ടു തിരിച്ചറിയൽ രേഖകളും അതിന്റെ ഓരോ പകർപ്പും ഹാജരാക്കേണ്ടതാണ്.

4. ലേലത്തിൽ ഏറ്റവും കൂടുതൽ തുക ഡിപ്പോസിറ്റായി വിളിക്കുന്ന ആളിന്റെ പേരിൽ ലേലം അപ്പോൾ തന്നെ സ്ഥിരപ്പെടുത്താനോ അസ്ഥിരപ്പെടുത്താനോ ഉള്ള പൂർണ്ണ അധികാരം ഭവന നിർമ്മാണ ബോർഡ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിക്ഷിപ്തമായിരിക്കും.

5. ലേലം സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി നിരതദ്രവ്യത്തിനു പുറമേ ലേലംകൊണ്ട ദിവസം തന്നെ രണ്ടു മാസത്തെ വാടക അഡ്വാൻസായി ഒടുക്കേണ്ടതും ലേല നടപടികളിലൂടെ രേഖപ്പെടുത്തിയ ഡെപ്പോസിറ്റ് തുക 15 ദിവസത്തിനകം ബോർഡിൽ ഒടുക്കേണ്ടതാണ്.ടി തുക തിരുവനന്തപുരം ഡിവിഷൻ ഓഫീസിൽ നേരിട്ട് ഒടുക്കുകയോ, ഓൺലൈൻ മുഖേനയോ , ഭവന നിർമ്മാണ ബോർഡിന്റെ പേരിൽ ടി അക്കൗണ്ടിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായോ ഒടുക്കാവുന്നതാണ്.

6. ഏതെങ്കിലും കാരണവശാൽ ലേല നടപടികളിലൂടെ രേഖപ്പെടുത്തിയ ഡെപ്പോസിറ്റ് തുക 15 ദിവസത്തിനകം അടയ്ക്കാത്ത പക്ഷം അനുവദിച്ച ഓഫീസ് /കടയുടെ ലേല നടപടി അസ്ഥിരപ്പെടുത്തുന്നത്തോടൊപ്പം പുനർലേല നടപടികൾ സ്വീകരിക്കുന്നതും, മുൻ കൂറായി നിക്ഷേപിച്ച രണ്ടു മാസത്തെ വാടക ബോർഡിനുണ്ടാകുന്ന നഷ്ടമായി കണക്കാക്കി നിരതദ്രവ്യത്തോടൊപ്പം കണ്ടുകെട്ടുന്നതാണ്.

7. ലേലം സ്ഥിരപ്പെടുത്തി നൽകിയ വ്യക്തിയുടെ ഒഴികെ മറ്റുള്ളവരുടെയെല്ലാം നിരതദ്രവ്യം ലേല നടപടികൾക്ക് ശേഷം മടക്കി നൽകുന്നതാണ്.

8. ലേലം സ്ഥിരപ്പെടുത്തി ലഭിച്ച വ്യക്തി ബോർഡുമായി വാടക കരാറിൽ ഏർപ്പെടുന്ന മുറയ്ക്ക് താക്കോൽ കൈമാറുന്

ഒപ്പ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ

കെ.എസ്.എച്ച്.ബി-തിരുവനന്തപുരം ഡിവിഷൻ